LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡ് സംസ്ഥാനത്തുള്ള 3 മെട്രോപോളിറ്റൻ നഗരങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും ഫ്ലാറ്റിന്റെ വിൽപ്പനവില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി ശേഖരിച്ചു കൊണ്ടാണ് പാരസ്പര്യം പദ്ധതികൾ നടപ്പിലാക്കുന്നത്.

തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ അമ്പലനഗറിൽ 64 ഫ്ലാറ്റുകളും എറണാകുളം പനമ്പിള്ളി നഗറിൽ 31 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇരുമ്പനത്ത് Phase 1 & 2 ആയി 75 ഫ്ലാറ്റുകളും തൃക്കാക്കരയിൽ 100 ഫ്ലാറ്റുകളും കുമാരനാശാൻ നഗറിൽ 28 ഫ്ലാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം 36 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഹൗസിംഗ് ബോർഡിനെ കൂടുതൽ പാർപ്പിട നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിക്കുമ്പോൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ജീവനക്കാർക്കായുള്ള ഭവന പദ്ധതി**

144 (4726) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, പൊതുമേഖലാസ്ഥാപനജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും പൂർണ്ണരൂപത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലുണ്ട്. എന്നാൽ പൊതുമേഖലാ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി നിലവിലില്ല

(ബി) പൊതുമേഖലാ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭവന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ബാധകമല്ല.